സർക്കാർ പ്രസ്സുകളിൽ വാങ്ങിയ മെഷീനുകൾ

274(566) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-09, 2010-11 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ പ്രസ്സുകളിൽ വാങ്ങിയ മെഷീനുകൾ ഏതെല്ലാമാണ്;

(ബി) റിസോ മെഷീൻ എത്രയെണ്ണം വാങ്ങി; ഓരോന്നിന്റെയും വില എത്ര വീതമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മെഷീൻ ഉപയോഗിച്ച് ചെയ്യുവാൻ കഴിയുന്ന ജോലികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) മെഷീനുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) രണ്ട് റിസോ ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്ററുകൾ വാങ്ങിയിട്ടുണ്ട്. അവയുടെ വില നികുതി കൂടാതെ യഥാക്രമം 6,36,665 രൂപ, 4,64,393 രൂപ വീതമാണ്.

(സി) വളരെ അടിയന്തിര സ്വഭാവമുള്ളതും കുറച്ചു കോപ്പികൾ മാത്രം അച്ചടിക്കേണ്ടി വരുന്നതുമായ അച്ചടി ജോലികൾ റിസോ മെഷീൻ ഉപയോഗിച്ച് നടത്തുവാൻ സാധിക്കും.

ഗവൺമെന്റ് പ്രസ്സുകളിലെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന പേപ്പർ

275(567) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ ഗോഡൗണുകളിൽ 60 ജി.എസ്.എം. റീൽ പേപ്പർ എത്രയെണ്ണം സ്റ്റോക്കുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 60 ജി.എസ്.എം. പേപ്പർ ഏതുതരം ജോലിക്കാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഗോഡൗണുകളിൽ 60 ജി.എസ്.എം. റീൽപേപ്പർ വർഷിച്ച തോതിൽ കെട്ടിക്കിടക്കുന്നതായ സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം കെട്ടിക്കിടക്കുന്ന പേപ്പർ ഉപയോഗയോഗ്യമാണോ; ഉപയോഗയോഗ്യമല്ലെങ്കിൽ എത്ര തുകയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES-Kerala Legislative Assembly